**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്ന കാര്യം പരിശോധിക്കുമോ; ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിലെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഒഴിവുകൾ എല്ലാം തന്നെ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 151 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഭിന്നശേഷി വിഭാഗത്തിൽ നീക്കിവയ്ക്കപ്പെട്ട 10 ഒഴിവുകളും നിലവിലുണ്ടായിരുന്നു. ആദ്യഘട്ടത്തിൽ റിപ്പോർട്ട് ചെയ്ത 128 ഒഴിവുകളിലേയ്ക്കും 10 ഭിന്നശേഷിക്കാർക്കായുള്ള ഒഴിവുകളിലേയ്ക്കും, പി.എസ്.സി. യിൽ നിന്നും നിയമന ശുപാർശ ലഭിക്കുകയും, അതിൻപ്രകാരം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 23 ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നൽകുന്നതിനുള്ള നടപടി പി.എസ്.സി.യിൽ പുരോഗമിച്ച് വരുന്നുണ്ട്.<br><br>ഒന്നാംതരം ഓവർസിയർമാരുടെ 98 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, നിയമന ശുപാർശ നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.<br><br>രണ്ടാംതരം ഓവർസിയർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തേണ്ടതുൾപ്പെടെ 126 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും, ആയതിലേയ്ക്കുള്ള പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ |

| | | | |
|---|---|---|---|
| | | | നിന്നും നിയമന ശുപാർശ നൽകിത്തുടങ്ങിയിട്ടുണ്ട്. കൂടാതെ, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള 2 ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ പി.എസ്.സി. നൽകുകയും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>മൂന്നാംതരം ഓവർസിയർമാരുടെ 72 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും, ആയതിലേയ്ക്കുള്ള പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് അടിയന്തരമായി സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ